## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 8 | 28.05.2019- ൽ മറുപടിക്ക് |
|---|---|

## കേരള പുനർനിർമ്മാണ പദ്ധതി

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.എം. ഉമ്മർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, എൻ .എ. നെല്ലിക്കുന്ന്<br>,, പി.കെ.അബ്ദു റബ്ബ് : | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | പ്രളയത്തിനു ശേഷം (എ) സംസ്ഥാന പുനർനിർമ്മിതിക്കായി രൂപം നൽകിയ കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala initiative - RKI) യുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | ഉണ്ട്. കേരള പുനർനിർമ്മാണ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനുമായി ഒരു ദ്വിതല സംവിധാനം നിലവിലുണ്ട്. ചീഫ് സെക്രട്ടറി അധ്യക്ഷനും സുപ്രധാന വകുപ്പുകളുടെ ചുമതലയുള്ള സെക്രട്ടറിമാരും ഭരണനിർവഹണരംഗത്ത് അനുഭവസമ്പത്തുള്ള വിദഗ്ധരും ഉൾകൊള്ളുന്ന പതിനാലംഗ ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി നാളിതുവരെ മൂന്നു തവണ യോഗം ചേരുകയും കേരള പുനർനിർമ്മാണ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണ്ട നിർദേശങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ മുഖ്യമന്ത്രി അധ്യക്ഷനും, വിവിധ വകുപ്പുകളിലെ മന്ത്രിമാരും വിവിധ മേഖലകളിലെ വിദഗ്ധരും ഉൾകൊള്ളുന്ന ഇരുപതംഗ ഉപദേശക സമിതിയും റീബിൽഡ് കേരള ഇനീഷ്യേറ്റിവിനു വേണ്ട ദിശാബോധം നൽകുന്നതിനും കാലാകാലങ്ങളിൽ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതിനുമായി നിലവിലുണ്ട്. പ്രസ്തുത ഉപദേശക സമിതിയും ഇതുവരെയായി മൂന്നു യോഗങ്ങൾ ചേരുകയും ആർ.കെ.ഐ.-യുമായി ബന്ധപ്പെട്ട് ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ച ആർ.കെ.ഐ. സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) & (സി) | കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലെ കാര്യക്ഷമതയിലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തന ക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക, എന്നിങ്ങിനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്.<br><br>പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വേഗത/കാര്യക്ഷമത ഉൾച്ചേർക്കൽ, ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളുടെ പ്രയോഗം, നീതിപൂർവ്വകവും നിഷ്പക്ഷവുമായ പുനരധിവാസ നടപടികൾ, മെച്ചപ്പെട്ട കാര്യക്ഷമതാ ഉറപ്പാക്കൽ, ആസ്തി പരിപാലന ചട്ടക്കൂടുകളുടെ രൂപീകരണം, നടപടിക്രമങ്ങളുടെ ലഘൂകരണം എന്നീ അടിസ്ഥാന സമീപനങ്ങൾ പാലിച്ചു കൊണ്ട് കേരള പുനർനിർമ്മാണം സാധ്യമാക്കുക എന്നതിനാണ് റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് ഊന്നൽ നൽകുന്നത്. മേൽപറഞ്ഞ വിധത്തിൽ വികസന ആശയങ്ങൾ രൂപപ്പെടുത്തുക, നിശ്ചിത മാനദണ്ഡങ്ങൾക്കും വിലയിരുത്തലുകൾക്കും വിധേയമായി പ്രസ്തുത ആശയങ്ങളിൽ നിന്നും നിർവ്വഹണ യോഗ്യമായവ തെരഞ്ഞെടുത്ത് വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുവാൻ ആകുന്ന ഏജൻസികൾ വഴി നടപ്പിലാക്കുക എന്നതാണ് റീബിൽഡ് കേരളാ ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ സമീപനം. ഇത്തരത്തിലുള്ള |
| (സി) | ആർ.കെ.ഐ. സെക്രട്ടേറിയറ്റിന്റെ പ്രവർത്തന ഫലമായി പ്രളയ ദുരിതങ്ങൾക്ക് എത്ര കണ്ട് പരിഹാരം കാണുവാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | | |

| | | |
|---|---|---|
| | | പദ്ധതിരേഖകൾ തയ്യാറാക്കി വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുന്നതിനുള്ള നടപടികളാണ് റീബിൽഡ് കേരളാ ഇനിഷ്യിയേറ്റീവ് നിലവിൽ ഏറ്റെടുത്തിട്ടുള്ളത്. പ്രളയാനന്തര കേരളത്തിന്റെ മുഴുവൻ പുനർനിർമാണ പ്രക്രിയകളും ആർ.കെ.ഐ യുടെ കീഴിൽ വരുന്നതാണ്. ഇവയ്ക്ക് ഭരണസഹായം നല്കുക എന്നതാണ് ആർ.കെ.ഐ സെക്രട്ടറിയേറ്റിന്റെ മുഖ്യ ചുമതല.<br>ഭാവിയിൽ ഉണ്ടാകാവുന്ന ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കുക, അതിജീവനക്ഷമത വർധിപ്പിക്കുക എന്നിങ്ങനെയുള്ള ലക്ഷ്യങ്ങൾ മുൻനിറുത്തി വിശദമായ പഠനങ്ങളും അന്താരാഷ്ട്ര ഏജൻസികളുടെ സാങ്കേതിക-സാമ്പത്തിക സഹായങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളാണ് കേരള പുനർ നിർമ്മാണ പദ്ധതി വിഭാവനം ചെയ്യുന്നത്. അതുകൊണ്ടുതന്നെ പദ്ധതിയുടെ ഗുണഫലങ്ങൾ സംബന്ധിച്ച പൂർണ്ണ ചിത്രം വരും വർഷങ്ങളിലാണ് ലഭ്യമാവുക. |

**സെക്ഷൻ ഓഫീസർ**